പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**<u>ആലപ്പുഴ ജില്ലയിലെ ഭരണാനുമതി ലഭിക്കാനുള ള ആർ.ഐ.ഡി.എഫ് പദ്ധതികൾ</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1487 05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ വിവിധ ആർ.ഐ.ഡി.എഫ് പദ്ധതികളിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതികളിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ പുതുതായി നടപ്പാക്കുവാനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതികളിൽ പ്രവൃത്തികൾക്ക് മുൻഗണന ലഭിക്കുന്നതിനും അംഗീകാരം/ ഭരണാനുമതി ലഭിക്കുന്നതിനുമുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ? | (സി) | നബാർഡ് പ്രവൃത്തികൾ സംസ്ഥാന അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി (State Level Empowered Committee) പ്രവർത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. നബാർഡ് സഹായം ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം എസ്.എൽ.ഇ.സി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് വാങ്ങി നബാർഡിന്റെ അനുമതിയ്ക്ക് അയയ്ക്കുകയും, അനുമതി ലഭിയ്ക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾക്ക് നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്